

മറുപക്ഷം അവിശ്വാസികളാണ് എന്നതോ അവർക്ക് വിശ്വാസികളോടും വിശ്വാസികൾക്ക് അവരോടും വിരോധമുണ്ട് എന്നതോ അവരെ കടന്നാക്രമിക്കാൻ ന്യായമാകുന്നില്ല. വിരോധവും ശത്രുതയും ആക്രമണരൂപത്തിൽ പ്രകടിപ്പിക്കുമ്പോഴേ യുദ്ധത്തിനു മുതിരാവൂ.

## ഖുർആൻ ബോധനം

▸ എ.വൈ.ആർ

### സൂറ – 22

# അൽഹജ്ജ്

**39.** യുദ്ധത്തിനിരയാകുന്നവർ മർദിതരായതിനാൽ തിരിച്ചടിക്കാൻ അവർക്കനുമതി ലഭിച്ചിരിക്കുന്നു. അവരെ സഹായിക്കാൻ അല്ലാഹു തികച്ചും കഴിവുറ്റവൻ തന്നെ.

أُذِنَ لِلَّذِينَ يُقَـٰتَلُونَ بِأَنَّهُمْ ظُلِمُوا۟ ۚ وَإِنَّ ٱللَّهَ عَلَىٰ نَصْرِهِمْ لَقَدِيرٌ ﴿٣٩﴾

**39**

أُذِنَ = അനുവദിക്കപ്പെട്ടിരിക്കുന്നു (അവർക്ക് അനുമതി ലഭിച്ചിരിക്കുന്നു)

لِلَّذِينَ يُقَـٰتَلُونَ = യുദ്ധം ചെയ്യപ്പെടുന്നവർക്ക് (യുദ്ധത്തിനിരയാകുന്നവർക്ക്)

بِأَنَّهُمْ ظُلِمُوا۟ = അവർ മർദിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് (മർദിതരായതിനാൽ)

وَإِنَّ ٱللَّهَ عَلَىٰ نَصْرِهِمْ = അല്ലാഹു അവരെ സഹായിക്കാൻ لَقَدِيرٌ = കഴിവുറ്റവൻ തന്നെ

നേരത്തേ വ്യക്തമാക്കിയിട്ടുള്ളതുപോലെ മക്കയിൽ അവിശ്വാസികളുടെ മർദനത്തിന് അതേ നാണയത്തിൽ പ്രതികാരം ചെയ്യാനോ അവരോട് യുദ്ധത്തിലേർപ്പെടാനോ വിശ്വാസികൾക്ക് അനുവാദമുണ്ടായിരുന്നില്ല. പ്രതിബന്ധങ്ങളും പീഡനങ്ങളും ക്ഷമയോടെ തരണം ചെയ്ത് മുന്നോട്ടുപോകണമെന്നായിരുന്നു ഉപദേശം. സഹനത്തിലൂടെയും നമസ്കാരത്തിലൂടെയും ദൈവസഹായം തേടാനും ഉപദേശിച്ചു. പ്രയാസങ്ങളിലും പ്രതിബന്ധങ്ങളിലും അക്ഷമരാകുന്നവരെ സംബന്ധിച്ച് അല്ലാഹു പറഞ്ഞു:

أَحَسِبَ ٱلنَّاسُ أَن يُتْرَكُوٓا۟ أَن يَقُولُوٓا۟ ءَامَنَّا وَهُمْ لَا يُفْتَنُونَ ﴿٢﴾ وَلَقَدْ فَتَنَّا
ٱلَّذِينَ مِن قَبْلِهِمْ ۖ فَلَيَعْلَمَنَّ ٱللَّهُ ٱلَّذِينَ صَدَقُوا۟ وَلَيَعْلَمَنَّ ٱلْكَـٰذِبِينَ ﴿٣﴾

(ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്ന് പ്രസ്താവിച്ചതുകൊണ്ടു മാത്രം, വിട്ടയക്കപ്പെടുമെന്നും പരീക്ഷണങ്ങളൊന്നും നേരിടേണ്ടതില്ലെന്നും ധരിച്ചുവെച്ചിരിക്കുകയാണോ ജനം? എന്നാൽ അവർക്ക് മുമ്പുണ്ടായിരുന്ന വിശ്വാസികളെയൊക്കെയും തീർച്ചയായും നാം പരീക്ഷണവിധേയരാക്കിയിട്ടുണ്ട്. സത്യവാന്മാരാരെന്നും വ്യാജന്മാരാരെന്നും അല്ലാഹുവിന് കണ്ടറിയുക തന്നെ വേണം– 29:2,3). സത്യവിശ്വാസം ഒരു ക്ലേശത്തിനും ഇടവരുത്തുകയില്ലെങ്കിൽ, ഭൗതികമായ നേട്ടങ്ങൾ മാത്രമേ അതുകൊണ്ടുണ്ടാകൂ എങ്കിൽ കപടനും വഞ്ചകനും സത്യവിശ്വാസി ചമഞ്ഞു നടക്കാം. വിശ്വാസികളിലെ കതിരും പതിരും വേർതിരിക്കപ്പെടുന്നത് പരീക്ഷണങ്ങളിലൂടെയാണ്. പരീക്ഷണങ്ങൾ നേരിടേണ്ടിവരുമ്പോൾ വ്യാജ വിശ്വാസികൾ അതിൽ നിന്ന് ഓടിയൊളിക്കുന്നു. വിശ്വാസികളും അവിശ്വാസികളും ചേർന്ന ജനക്കൂട്ടത്തെയല്ല; ഏതു പ്രതികൂല സാഹചര്യത്തിലും വിശ്വാസത്തിൽ അടിയുറച്ചു നിൽക്കുന്ന സത്യസന്ധരായ വിശ്വാസികളുടെ സമൂഹത്തെയാണ് അല്ലാഹു ഉദ്ദേശിക്കുന്നത്. അവർക്കേ വിശിഷ്ട സമൂഹം (خير أمة) ആയി വർത്തിക്കാൻ കഴിയൂ. ഇതാണ് പരീക്ഷണങ്ങളുടെ മൗലികമായ യാഥാർഥ്യം. സമാധാനപരമായ പ്രബോധനത്തിലൂടെ ജനങ്ങളിൽ പരി

വർത്തനമുണ്ടാക്കുകയാണ് പ്രവാചകന്മാരുടെ അടിസ്ഥാന ദൗത്യം. മറിച്ച് ആയുധബലം പ്രയോഗിച്ച് കീഴ്പ്പെടുത്തുകയല്ല. ഇസ്‌ലാം അതിന്റെ പേരു സൂചിപ്പിക്കുന്നതുപോലെ സമാധാനത്തിന്റെയും സമർപ്പണത്തിന്റെയും മതമാണ്. കലാപത്തിലൂടെയും സംഘട്ടനങ്ങളിലൂടെയും അത് സ്ഥാപിക്കാനാവില്ല. സമാധാനാന്തരീക്ഷത്തിലേ ആളുകൾക്ക് നിഷ്പക്ഷമായും സന്തുലിതമായും ചിന്തിക്കാനും അനായാസം സത്യത്തിലെത്താനും കഴിയൂ. പ്രവാചകന്റെ മക്കാ ജീവിത ഘട്ടത്തിൽ മുസ്‌ലിംകൾ സായുധ പ്രവർത്തനങ്ങളിൽ നിന്ന് മാറി നിൽക്കാൻ ഇതും ഒരു കാരണമായിരുന്നു. പ്രവാചകനും സഹാക്കളും അക്കാലത്ത് യുദ്ധം ചെയ്യുകയാണെങ്കിൽ ഹറമിൽ വെച്ചാണ് അത് ചെയ്യേണ്ടിവരിക. ഇസ്‌ലാമും ജാഹിലിയ്യത്തും ഒരുപോലെ നിഷിദ്ധമായി കരുതുന്നതാണ് ഹറമിൽ വെച്ചുള്ള ഹിംസ. ഈ നിഷിദ്ധതയെ ഹനിച്ചാൽ ഖുറൈശികൾ മാത്രമല്ല അറബികൾ മുഴുവൻ അവർക്കെതിരാകും. മക്കയിൽ മുസ്‌ലിംകൾ തീരെ ദുർബലമായ ന്യൂനപക്ഷമായിരുന്നു. അവിടെ അവർക്കൊരിക്കലും അതിപ്രബലരും ഭൂരിപക്ഷവുമായ വിഗ്രഹാരാധകരെ ജയിക്കാനാവുമായിരുന്നില്ല.

പ്രവാചകാഗമനമുണ്ടായ സമൂഹം നശിപ്പിക്കപ്പെടുകയാണെങ്കിൽ അത് അവർക്കെതിരെയുള്ള ന്യായം (حجة) പൂർത്തിയായ ശേഷമായിരിക്കും. എല്ലാ രീതിയിലുമുള്ള പ്രബോധന പ്രവർത്തനം അന്യൂനം പൂർത്തിയാകുമ്പോഴാണ് ന്യായം പൂർത്തിയാവുക. എന്നിട്ടും പ്രബോധിത സമൂഹം ഒട്ടും സത്യത്തിലേക്ക് വരാതെ അസത്യത്തിലും അധർമത്തിലും കൂടുതൽ ആവേശത്തോടെ ആണ്ടുപോകുമ്പോൾ അവർ നശീകരണാർഹരാകുന്നു. മക്കയിൽ ഈയൊരവസ്ഥ ഉണ്ടായിരുന്നില്ല. അവിടെ എല്ലാ പ്രതികൂലാവസ്ഥകളും ഉള്ളതോടൊപ്പം ആളുകൾ ഒറ്റയും തെറ്റയുമായി ഇസ്‌ലാമിലേക്ക് വന്നുകൊണ്ടിരുന്നു. കുറെയാളുകൾ ഖുറൈശികളുടെ മർദനം ഭയന്ന് വിശ്വാസം വെളിപ്പെടുത്തിയില്ലെങ്കിലും ഉള്ളിൽ ഇസ്‌ലാമിനോട് അനുഭാവം പുലർത്തി. ഒരു യുദ്ധമുണ്ടാകുമ്പോൾ ഭാവിയിൽ ഇസ്‌ലാമിലേക്ക് വരാനിടയുള്ളവരും ഉള്ളിൽ ഇസ്‌ലാമിനോടനുഭാവം പുലർത്തുന്നവരുമെല്ലാം ശത്രുപക്ഷത്തായി കണക്കാക്കപ്പെടുകയും കെടുതികൾക്കിരയാവുകയും ചെയ്യുമായിരുന്നു.

മദീനയിലെത്തിയ പ്രവാചകനും സംഘവും അവിടെ ഇസ്‌ലാമിക പ്രബോധനം തുടർന്നതോടൊപ്പം സുന്ദരമായ ഒരു മാതൃകാ ഇസ്‌ലാമിക സമൂഹം കെട്ടിപ്പടുത്ത് അതുവഴി ജനങ്ങളെ ഈ ദീനിലേക്കാകർഷിക്കാൻ ശ്രമിച്ചു. ഖുറൈശികളാകട്ടെ മക്കയിൽ മുസ്‌ലിം മർദനത്തിന് ആക്കം കൂട്ടുകയും മദീനയെ ആക്രമിക്കുന്നതിനെക്കുറിച്ചാലോചിക്കുകയും ചെയ്തുകൊണ്ടിരുന്നു. ആ സാഹചര്യത്തിലാണ് ഈ സൂക്തം അവതരിക്കുന്നത്. യുദ്ധത്തിനുള്ള അനുവാദവും അതിന്റെ ന്യായവുമാണ് സൂക്തം വ്യക്തമാക്കിയിട്ടുള്ളത്. അന്യായമായ മർദന പീഡനങ്ങൾക്കും സാമ്പത്തിക നഷ്ടത്തിനും ഇരയാകുമ്പോൾ അതിനു കാരണക്കാരാകുന്നവരെ തിരിച്ചടിക്കാൻ വിശ്വാസികൾക്ക് അനുവാദമുണ്ട്. മറുപക്ഷത്തുനിന്ന് അതിക്രമം ഉണ്ടായാലാണ് ഈ അനുവാദമെന്ന് بِأَنَّهُمْ ظُلِمُوا (അവർ മർദിതരായതിനാൽ) എന്ന വാക്ക് പ്രത്യേകം സൂചിപ്പിക്കുന്നു. മറുപക്ഷം അവിശ്വാസികളാണ് എന്നതോ, അവർക്ക് വിശ്വാസികളോടും വിശ്വാസികൾക്ക് അവരോടും വിരോധമുണ്ട് എന്നതോ അവരെ കടന്നാക്രമിക്കാൻ ന്യായമാകുന്നില്ല. വിരോധവും ശത്രുതയും ആക്രമണരൂപത്തിൽ പ്രകടിപ്പിക്കുമ്പോഴേ യുദ്ധത്തിനു മുതിരാവൂ. وَلَا يَجْرِمَنَّكُمْ شَنَآنُ قَوْمٍ عَلَىٰٓ أَلَّا تَعْدِلُوا (ഒരു ജനത്തോടുള്ള വിരോധം അവരോട് അനീതി പ്രവർത്തിക്കാൻ നിങ്ങളെ പ്രേരിപ്പിച്ചുകൂടാ-5:8).

സൈനിക പ്രവർത്തനം സംബന്ധിച്ചുള്ള, വിശുദ്ധ ഖുർആന്റെ പ്രഥമ സൂക്തമാണിതെന്ന് പ്രബലമായ നിവേദനങ്ങളുണ്ട്. സൂറഃ *അൽബഖറ*യിലെ وَقَٰتِلُوا فِى سَبِيلِ ٱللَّهِ ٱلَّذِينَ يُقَٰتِلُونَكُمْ -നിങ്ങളോട് യുദ്ധം ചെയ്യുന്നവരോട് ദൈവിക മാർഗത്തിൽ നിങ്ങളും യുദ്ധം ചെയ്യണം- എന്ന സൂക്തമാണ് ആദ്യമവതരിച്ചതെന്നും ചില നിവേദനങ്ങളുണ്ട്. സൂക്തത്തിൽ യുദ്ധത്തിന്റെ ന്യായമായി പറയുന്നത് 'നിങ്ങളോട്ട് ഇങ്ങോട്ട് യുദ്ധം ചെയ്യുക' എന്നതാണ്. നേരത്തെ പറഞ്ഞ بِأَنَّهُمْ ظُلِمُوا എന്ന വാക്യത്തിന്റെ മറ്റൊരു ഭാഷ്യം തന്നെയാണിത്. ഈ സൂക്തത്തിൽ യുദ്ധം നിർബന്ധമായി കൽപിച്ചിരിക്കുകയാണ്. അതിനു ശേഷം അനുവാദ സൂക്തമവതരിക്കുന്നതിൽ ഔചിത്യമില്ലാത്തതിനാൽ ആദ്യമവതരിച്ചത് അനുവാദ സൂക്തം തന്നെയായിരിക്കണം. ശേഷം വരുന്ന കൽപനക്ക് ഒരു കളമൊരുക്കലായതിനെ കണക്കാക്കാം. ആ സൂക്തം അവതരിച്ചതിന്റെ പിറ്റെ വർഷം ബദ്ർ യുദ്ധം നടന്ന സന്ദർഭത്തിലാണ് യുദ്ധം കൽപിക്കുന്ന സൂക്തം അവതരിച്ചത്. അനന്തരം സൂറഃ *അൽബഖറ* 193-ാം സൂക്തത്തിൽ ഇങ്ങനെയും കൽപിച്ചിരിക്കുന്നു: وَقَٰتِلُوهُمْ حَتَّىٰ لَا تَكُونَ فِتْنَةٌ وَيَكُونَ ٱلدِّينُ لِلَّهِ (പീഡനം ഇല്ലാതാവുകയും വിധേയത്വം അല്ലാഹുവിനായിത്തീരുകയും ചെയ്യുന്നതുവരെ നിങ്ങൾ ശത്രുക്കളോട് യുദ്ധം ചെയ്യുക). ഇവിടെ യുദ്ധത്തിന് ന്യായമായി പീഡനത്തിൽ നിന്നുള്ള മുക്തിയും അല്ലാഹുവിന് വഴിപ്പെട്ടു വാഴാനുള്ള സ്വാതന്ത്ര്യവും എടുത്തു പറഞ്ഞിരിക്കുന്നു.

ബദ്ർ യുദ്ധം മുതൽ പ്രവാചകന്റെ മരണം വരെയുള്ള കാലം ഇസ്‌ലാമിക സമൂഹത്തെ സംബന്ധിച്ചേടത്തോളം ഒരു യുദ്ധ കാലഘട്ടം തന്നെയായിരുന്നു. ബദ്ർ, ഉഹുദ്, ഖന്ദക്ക്... എന്നിങ്ങനെ അതു നീണ്ടുപോയി. ഈ കാലത്തവതരിച്ച ചില യുദ്ധസൂക്തങ്ങളിൽ بِأَنَّهُمْ ظُلِمُوا എന്ന ന്യായം പ്രത്യേകം പ്രസ്താവിക്കുന്നില്ലെങ്കിൽ അത് ആദ്യ സൂക്തങ്ങളുടെ ആശയത്തെ നിഷേധിച്ചുകൊണ്ടല്ല. ശത്രുക്കളുടെ ആക്രമണത്തിനിരയായതു മൂലമുള്ള യുദ്ധം തുടർന്നുകൊണ്ടേയിരിക്കുമ്പോഴൊക്കെ ശത്രുക്കളോട് സധൈര്യം പൊരുതാൻ കൽപിക്കുകയായിരുന്നു.

كُتِبَ عَلَيْكُمُ ٱلْقِتَالُ وَهُوَ كُرْهٌ لَّكُمْ (നിങ്ങൾക്ക് യുദ്ധം വിധിക്കപ്പെട്ടിരിക്കുന്നു. അതാകട്ടെ നിങ്ങൾക്ക് അരോചകമാകുന്നു-2:216).

وَقَٰتِلُوا فِى سَبِيلِ ٱللَّهِ وَٱعْلَمُوٓا أَنَّ ٱللَّهَ سَمِيعٌ عَلِيمٌ ﴿٢٤٤﴾ (ദൈവിക മാർഗത്തിൽ യുദ്ധം ചെയ്യുവിൻ, അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാണെന്നറിഞ്ഞിരിക്കുവിൻ). വിശ്വാസികൾ അന്യായമായി മർദിക്കപ്പെട്ടതിനുള്ള തിരിച്ചടി എന്ന നിലയിൽ തന്നെയാണ് ഇത്തരം കൽപനകളും വന്നിട്ടുള്ളത്. *അൽബഖറ*യിലെ 191-ാം സൂക്തം അത് ഭംഗ്യന്തരേണ വ്യക്തമാക്കുന്നുണ്ട്.

وَٱقْتُلُوهُمْ حَيْثُ ثَقِفْتُمُوهُمْ وَأَخْرِجُوهُم مِّنْ حَيْثُ أَخْرَجُوكُمْ (ഏറ്റുമുട്ടുന്ന എവിടെ വെച്ചും അവരോടു പൊരുതുക. അവർ നിങ്ങളെ പുറത്താക്കിയിടത്തുനിന്ന് നിങ്ങൾ അവരെയും പുറത്താക്കി

# ഖുർആൻ ബോധനം

ക്കൊള്ളുക). ഇത്തരം ചില സൂക്തങ്ങളെ അവയുടെ സന്ദർഭത്തിൽ നിന്നടർത്തിയെടുത്താണ് ഇസ്‌ലാംവിരോധികൾ ഖുർആൻ, അവിശ്വാസികളെ കണ്ടിടത്തുവെച്ച് കൊല്ലാൻ കൽപിക്കുന്നു എന്നാരോപിക്കാറുള്ളത്. സമാധാനം പാലിക്കുക, നശീകരണ നടപടികളിലേർപ്പെടാതിരിക്കുക എന്നത് ഇസ്‌ലാമിന്റെ അടിസ്ഥാനാധ്യാപനങ്ങളിലൊന്നാണ്. وَلَا تَعْثَوْا فِي الْأَرْضِ مُفْسِدِينَ (ഭൂമിയിൽ നാശകാരികളായി വാഴാതിരിക്കുവിൻ) എന്ന് ഖുർആൻ ആവർത്തിച്ച് ഉൽബോധിപ്പിക്കുന്നുണ്ട്. യുദ്ധം ചെയ്യുന്ന ശത്രുപക്ഷത്തുള്ളവരെ വിശ്വാസികൾ ആത്മമിത്രങ്ങളും രക്ഷകരുമായി സ്വീകരിക്കുന്നത് ഖുർആൻ ശക്തമായി നിരോധിക്കുന്നുണ്ട്. അതിന്റെ കാരണം വ്യക്തമാണല്ലോ. അപ്പോഴും വിശ്വാസികളുമായി യുദ്ധത്തിലേർപ്പെടാത്തവരോടുള്ള നല്ല സമീപനത്തിന് ഈ നിരോധം ബാധകമല്ലെന്ന് പ്രത്യേകം എടുത്തോതുന്നുണ്ട്.

لَّا يَنْهَىٰكُمُ ٱللَّهُ عَنِ ٱلَّذِينَ لَمْ يُقَـٰتِلُوكُمْ فِى ٱلدِّينِ وَلَمْ يُخْرِجُوكُم مِّن دِيَـٰرِكُمْ أَن تَبَرُّوهُمْ وَتُقْسِطُوٓا۟ إِلَيْهِمْ ۚ إِنَّ ٱللَّهَ يُحِبُّ ٱلْمُقْسِطِينَ ﴿٨﴾ إِنَّمَا يَنْهَىٰكُمُ ٱللَّهُ عَنِ ٱلَّذِينَ قَـٰتَلُوكُمْ فِى ٱلدِّينِ وَأَخْرَجُوكُم مِّن دِيَـٰرِكُمْ وَظَـٰهَرُوا۟ عَلَىٰٓ إِخْرَاجِكُمْ أَن تَوَلَّوْهُمْ ۚ وَمَن يَتَوَلَّهُمْ فَأُو۟لَـٰٓئِكَ هُمُ ٱلظَّـٰلِمُونَ ﴿٩﴾

(മതത്തിന്റെ പേരിൽ നിങ്ങളോട് യുദ്ധം ചെയ്തിട്ടില്ലാത്തവരും നിങ്ങളെ വീടുകളിൽ നിന്ന് ആട്ടിയോടിച്ചിട്ടില്ലാത്തവരുമായ ആളുകളോട് നന്മയിലും നീതിയിലും വർത്തിക്കുന്നത് അല്ലാഹു വിലക്കുന്നില്ല. നിശ്ചയം നീതിമാന്മാരെ അല്ലാഹു സ്നേഹിക്കുന്നു. മതത്തിന്റെ പേരിൽ നിങ്ങളോട് യുദ്ധം ചെയ്യുകയും നിങ്ങളെ അവരുടെ ഗേഹങ്ങളിൽ നിന്ന് ആട്ടിയോടിക്കുകയും, ആട്ടിയോടിക്കുന്നതിൽ സഹകരിക്കുകയും ചെയ്തവരെ മിത്രങ്ങളും രക്ഷകരുമാക്കുന്നതിനെ മാത്രമാകുന്നു അല്ലാഹു വിലക്കുന്നത്. അത്തരക്കാരെ ആത്മമിത്രങ്ങളാക്കുന്നവർ അക്രമകാരികൾ തന്നെയാണല്ലോ -60:8,9).

പീഡിതരുടെ വിമോചനവും സമാധാനവും ഇസ്‌ലാമിന്റെ ലക്ഷ്യമാണ്. പീഡിതരെ മോചിപ്പിക്കാനും സമാധാനം സ്ഥാപിക്കാനുമാണ് അത് യുദ്ധം അനുവദിച്ചിട്ടുള്ളത്. അഹിംസാത്മക പ്രവർത്തനങ്ങൾ പരാജയപ്പെടുകയും സായുധ നടപടിയിലൂടെ മാത്രമേ വിമോചനവും സമാധാനവും സാധ്യമാകൂ എന്നു വരികയും ചെയ്യുമ്പോൾ വിശ്വാസികൾ അതിനു തയാറാവുക തന്നെ വേണം.

وَمَا لَكُمْ لَا تُقَـٰتِلُونَ فِى سَبِيلِ ٱللَّهِ وَٱلْمُسْتَضْعَفِينَ مِنَ ٱلرِّجَالِ وَٱلنِّسَآءِ وَٱلْوِلْدَٰنِ ٱلَّذِينَ يَقُولُونَ رَبَّنَآ أَخْرِجْنَا مِنْ هَـٰذِهِ ٱلْقَرْيَةِ ٱلظَّالِمِ أَهْلُهَا وَٱجْعَل لَّنَا مِن لَّدُنكَ وَلِيًّا وَٱجْعَل لَّنَا مِن لَّدُنكَ نَصِيرًا ﴿٧٥﴾

(പീഡിതരും അടിച്ചമർത്തപ്പെട്ടവരുമായ സ്ത്രീ പുരുഷന്മാരുടെയും കുട്ടികളുടെയും വിമോചനാർഥം സത്യവിശ്വാസികൾ ദൈവിക സരണിയിൽ യുദ്ധം ചെയ്യാതിരിക്കാൻ എന്തുണ്ട് ന്യായം? ആ പീഡിതരോ പ്രാർഥിച്ചുകൊണ്ടിരിക്കുന്നു: ദൈവമേ, മർദകരുടെ ഈ നാട്ടിൽ നിന്ന് ഞങ്ങളെ മോചിപ്പിക്കേണമേ, നിന്റെയടുക്കൽ നിന്ന് ഞങ്ങൾക്ക് രക്ഷകനെ നിയോഗിച്ചുതരേണമേ, സഹായകനെ അയച്ചുതരേണമേ! -4:75). ഇത്തരം യുദ്ധങ്ങൾ നയിക്കേണ്ടത് വ്യവസ്ഥാപിത സമൂഹത്തിന്റെ സാരഥികളാണ്. സാമൂഹിക വ്യവസ്ഥയുടെയും നേതൃത്വത്തിന്റെയും അഭാവത്തിൽ അല്ലെങ്കിൽ അവയെ അവഗണിച്ചുകൊണ്ട് വ്യക്തികളോ അനൗദ്യോഗിക ഗ്രൂപ്പുകളോ യുദ്ധം പ്രഖ്യാപിക്കാനോ നടത്താനോ പാടുള്ളതല്ല. ഹിജ്‌റക്ക് മുമ്പ് മുസ്‌ലിംകൾക്ക് യുദ്ധം അനുവദിക്കപ്പെടാതിരിക്കാൻ അതും കാരണമാണ്. വ്യവസ്ഥാപിത സമൂഹത്തിൽ നിന്ന് അന്യായമായ ചില തീവ്രവാദി ഗ്രൂപ്പുകൾ ഇസ്‌ലാമിന്റെ പേരിൽ നടത്തുന്ന ഭീകര പ്രവർത്തനങ്ങൾ ഇസ്‌ലാമിന്റെ യുദ്ധ നയത്തിന് തികച്ചും വിരുദ്ധമാണ്. അസമാധാനവും നശീകരണവും മാത്രമാണതിന്റെ ഫലം. അതുവഴി ഇസ്‌ലാമിന്റെ യുദ്ധ വീക്ഷണം തെറ്റിദ്ധരിക്കപ്പെടുന്നു. ഇസ്‌ലാം അപകീർത്തിപ്പെടുന്നു. അസമാധാനവും വിനാശവുമുണ്ടാക്കുന്ന നടപടികൾ ശരീഅത്ത് വിരോധിച്ചിരിക്കുന്നു. നശീകരണത്തെയും നാശകാരികളെയും അല്ലാഹു സ്നേഹിക്കുന്നില്ലെന്ന് ഖുർആൻ ആവർത്തിച്ചു പറഞ്ഞിരിക്കുന്നു.

وَلَا تَتَّبِعْ سَبِيلَ ٱلْمُفْسِدِينَ - إِنَّ ٱللَّهَ لَا يُصْلِحُ عَمَلَ ٱلْمُفْسِدِينَ

وَلَا تَعْثَوْا۟ فِى ٱلْأَرْضِ مُفْسِدِينَ - إِنَّ ٱللَّهَ لَا يُحِبُّ ٱلْمُفْسِدِينَ

നാട്ടിൽ കലാപമുണ്ടാക്കാൻ ഒരു കൊല നടത്തുന്നത് മുഴുവൻ മനുഷ്യരെയും കൊല്ലുന്നതിന് തുല്യമാണെന്ന് 5:32 -ൽ പ്രസ്താവിച്ചിരിക്കുന്നു. കലാപവും അസമാധാനവും സൃഷ്ടിക്കുന്നവർ നിഷ്ഠുരമായി ശിക്ഷിക്കപ്പെടണമെന്ന് 5:33 -ൽ കൽപിക്കുന്നു. ജനങ്ങളെ അകാരണമായി ഭീതിതരാക്കുന്നതു പോലും നബി (സ) നിരോധിച്ചിരിക്കുന്നു.

وَإِنَّ ٱللَّهَ عَلَىٰ نَصْرِهِمْ لَقَدِيرٌ എന്ന പിൻ വാക്യത്തിന്റെ താൽപര്യമിതാണ്. വിശ്വാസികൾക്ക് തിരിച്ചടിക്കാൻ അനുവാദം നൽകി ഉപേക്ഷിക്കുകയല്ല അല്ലാഹു. എണ്ണത്തിലും വണ്ണത്തിലും തീരെ തുഛരായ ഈ ഒരു പിടി വിശ്വാസികൾക്കുണ്ടോ യുദ്ധം ചെയ്യാനോ ചെയ്താൽ തന്നെ ജയിക്കാനോ കഴിയുന്നു എന്നൊന്നും ആരും വിചാരിക്കേണ്ട. അല്ലാഹു അവരുടെ കൂടെ തന്നെയുണ്ട്. തക്ക സമയങ്ങളിൽ അവരെ സഹായിക്കാനും സംരക്ഷിക്കാനുമുള്ള പൂർണമായ കഴിവും കരുത്തും അവനുണ്ട്. അല്ലാഹു വിശ്വാസികൾക്കു വേണ്ടി പ്രതിരോധിക്കുന്നുവെന്ന മുൻ വാക്യത്തിലെ വാഗ്ദാനം യുദ്ധവേളയിലും പാലിക്കപ്പെടും. അല്ലാഹു സഹായിക്കാൻ തീരുമാനിച്ചവരെ പരാജയപ്പെടുത്തുക ലോകത്തൊരു ശക്തിക്കും സാധ്യമല്ല. ■


Matrimonial

മുസ്‌ലിം യുവാവ് (26/5'8''). BA English. സൗദിയിൽ ജോലി. കോട്ടയം ജില്ല. ദീനീ നിഷ്ഠയുള്ള യുവതികളുടെ രക്ഷിതാക്കളിൽനിന്ന് ആലോചനകൾ ക്ഷണിക്കുന്നു.

9495215122